


# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പൂവച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജിപി.6/1696/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജിപി.6/1696/2024 തീയ്യതി: 18/12/2024

# തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ് കുമാർ .ആർ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2024 | 30-09-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2024 | 30-09-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ലക്ഷ്മി .വി.എസ് നായർ, ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രദീപ് കുമാർ .ആർ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. പ്രീത ജാസ്മിൻ .ഡി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വെർജിൻ ഷീജ .റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സനൽ കുമാർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. സന്തോഷ് കുമാർ | സെക്രട്ടറി | 01-04-2023 | 16-04-2023 |

| | | | |
|---|---|---|---|
| ശ്രീമതി. സുനിത ദേവരാജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-04-2023 | 07-05-2023 |
| ശ്രീ. സന്തോഷ് കുമാർ | സെക്രട്ടറി | 08-05-2023 | 01-09-2023 |
| ശ്രീമതി. ലിമ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-09-2023 | 11-09-2023 |
| ശ്രീ. സുനിൽ കുമാർ | സെക്രട്ടറി | 12-09-2023 | 24-09-2023 |
| ശ്രീമതി. ലിമ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-09-2023 | 10-12-2023 |
| ശ്രീ. സുനിൽ കുമാർ | സെക്രട്ടറി | 11-12-2023 | 05-03-2024 |
| ശ്രീ. സിജു | സെക്രട്ടറി | 06-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ക്ലമന്റ് .പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി. അമൃത രാജ് .ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 06-10-2023 |
| ശ്രീമതി. അഞ്ജന .ജെ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-10-2023 | 31-03-2024 |
| ഡോ. വന്ദന .സി.ജെ | വെറ്റിനറി സർജൻ | 01-04-2023 | 16-06-2023 |
| ഡോ. ഷിജു .എസ്.വി | വെറ്റിനറി സർജൻ | 17-06-2023 | 31-03-2024 |
| ശ്രീമതി. സവിത .കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ. ഇന്ദുലേഖ .സി.ജെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 30-08-2023 |
| ഡോ. ദുർഗപ്രസാദ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-09-2023 | 31-03-2024 |
| ശ്രീമതി. മിനി .കെ. നായർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. ലക്ഷ്മി പ്രിയ .റ്റി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ശ്രീമതി. ദിവ്യ .എം.വി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. സുനിത ദേവ് രാജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 12-07-2023 |
| ശ്രീ. സുജൻ | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2023 | 25-07-2023 |
| ശ്രീമതി. ലിമ .പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 26-07-2023 | 31-03-2024 |
| ശ്രീമതി. സീനത്ത് ബീവി .എം | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 31-05-2023 |
| ശ്രീമതി. സുനിമോൾ .എ.സി | ഹെഡ്മിസ്ട്രസ്സ് (ഇൻ-ചാർജ്) | 01-06-2023 | 14-06-2023 |
| ശ്രീമതി. ബിന്ദു .എസ്.കെ | ഹെഡ്മിസ്ട്രസ്സ് | 15-06-2023 | 31-03-2024 |
| ശ്രീമതി. ശ്രീദേവി .ഐ | വി.ഇ.ഒ. പൂവച്ചൽ സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി. ശ്രീദേവി .ഐ | വി.ഇ.ഒ. വീരണകാവ് സർക്കിൾ (ചാർജ്) | 01-04-2023 | 06-08-2023 |

| | | | |
|---|---|---|---|
| ശ്രീ. അജിത് മോഹൻ | വി.ഇ.ഒ. വീരണകാവ് സർക്കിൾ | 07-08-2023 | 31-03-2024 |
| ഡോ. ഷീബ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2023 | 23-06-2023 |
| ഡോ. സോജ രാജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 24-06-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വരവിനെക്കാൾ ചെലവ് ചെയ്തിരിക്കുന്നു. | 1-1-3 |
| 5 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | തൻ വർഷത്തെ തനത് ഫണ്ട് വരവ്-ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-5 |
| 7 | നീക്കിയിരിപ്പ് തുക B-17 ഷെഡ്യൂളുമായി പൊരുത്തപ്പെടുത്തിയില്ല. | 1-1-6 |
| 8 | CFC Grant (Tied &Untied) ന്റെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | കാലാവധി കഴിഞ്ഞ ചെക്കുകൾliability In Respect Of Stale Cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-8 |
| 10 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ ക്രെഡിറ്റ് ആക്കിയിട്ടില്ല. | 1-1-9 |
| 11 | വാടകയിനത്തിലെ തൻവർഷ കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | Outdoor Collection Control Account ലെ വരവ് നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-11 |
| 13 | ബാലൻസ് ഷീറ്റിൽ ബാങ്ക് അക്കൗണ്ട് ക്രെഡിറ്റ് ബാലൻസായി നിലനിർത്തിയിരിക്കുന്നു. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം - മറ്റ് അപാകതകൾ | 1-4-1 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | സാമൂഹ്യ സുരക്ഷ പെൻഷനുകൾ - ഗ്രാമസഭകളുടെ അംഗീകാരം വാങ്ങുന്നില്ല | 1-6-1 |
| 20 | ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ | 1-6 |
| 21 | ക്യാഷ്ബാലൻസ് | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | വസ്തുനികുതി പരിഷ്കരണം - നടപടികൾ പൂർത്തിയായിട്ടില്ല | 1-11-1 |
| 26 | മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കാൻ അവശേഷിക്കുന്നു. | 1-11-2 |
| 27 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല. | 1-11-3 |
| 28 | വസ്തു നികുതി പരിഷ്ക്കരണത്തിന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല | 1-11-4 |
| 29 | വസ്തു നികുതി- അപാകങ്ങൾ | 1-11 |
| 30 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കന്നില്ല | 1-12-1 |
| 31 | തൊഴിൽ നികുതി - സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. | 1-12-2 |
| 32 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12-3 |
| 33 | ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി നിർണ്ണയിച്ച് ഈടാക്കി. | 1-12 |

| | | |
|---|---|---|
| 34 | FTE & OS ലൈസൻസ്-അപാകങ്ങൾ | 1-13 |
| 35 | കടമുറിയുടെ വാടക ഈടാക്കിയില്ല | 1-14 |
| 36 | മുൻകൂർ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു | 1-15 |
| 37 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടുന്നില്ല. | 1-16 |
| 38 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയിലൂടെ | 1-17 |
| 39 | ഭവന പുനരുദ്ധാരണ പദ്ധതികൾ– സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 1-18 |
| 40 | ഐ.സി.ഡി.എസ്സ് - സൂപ്പർവൈസർ- പദ്ധതി നിർവ്വഹണം - അപാകതകൾ | 1-19 |
| 41 | ഭരണസമിതി തീരുമാനം - തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-20 |
| 42 | വനവികസനനികുതി- ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല | 1-21 |
| 43 | ബയോ കമ്പോസ്റ്റ് ബിൻ- വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല- 8,52,400/- രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 44 | വയോജനങ്ങൾക്ക് കട്ടിൽ - വിതരണം ചെയ്യാത്ത ഒരു കട്ടിലിന്റെ ചെലവ് തടസ്സപ്പെടുത്തുന്നു 3911.50/- രൂപ | 1-23 |
| 45 | ക്ലീൻ കേരള കമ്പനി ഷ്രഡഡ് പ്ലാസ്റ്റിക്കുകൾക്ക് തുക നൽകുന്നില്ല | 1-24 |
| 46 | ഹോമിയോ ഡിസ്പെൻസറി - കെട്ടിട വാടക - ചെലവ് രേഖകൾ ഹാജരാക്കിയില്ല-33,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 47 | മരുന്ന് ലഭ്യമായില്ല-1,81,651/- രൂപ തടസ്സപ്പെടുത്തുന്നു | 1-26 |
| 48 | ലാപ്പ്ടോപ് ലഭ്യമാക്കിയില്ല- 1,18,176/- രൂപ തടസ്സപ്പെടുത്തുന്നു- | 1-27 |
| 49 | പഠനകിറ്റ്-രേഖകൾ ഹാജരാക്കിയില്ല- 1,78,920/- രൂപ തടസ്സപ്പെടുത്തുന്നു. | 1-28 |
| 50 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 22,63,022/- രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 51 | എം.സി.എഫിൽ കൺവെയർ ബെൽറ്റ് സ്ഥാപിച്ചിട്ടില്ല- 6,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-30 |
| 52 | ആർ.ആർ.എഫ്-ൽ ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല- 5,95,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 53 | 2021-22 വർഷത്തെ ഗുണഭോക്താക്കൾ വീട് പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.07.24 ലെ 1(5)കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 11.07.24 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **പൂവച്ചൽ** ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പൂവച്ചൽ** ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് ( 15/24 തീ.28.09.24) വാർഷിക അനുപാതങ്ങളും താരതമ്യതുകകളും ഏതൊക്കെയാണെന്ന് പ്രതിപാദിച്ചിട്ടില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. പ്രസ്തുത ചട്ടങ്ങളിൽ ഐ.കെ.എം. -മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (1,75,22,961/-) എന്നത് Net Increase/Decrease In Cash And Cash Equivalents (71,36,454/-) മായി പൊരുത്തപ്പെടുന്നില്ല. അക്രൂവൽ ബേസ്ഡ് അക്കൗണ്ടിംഗ് രീതി ഫോളോ ചെയ്യുന്നത് മൂലമാണ് ഈ വ്യത്യാസം ഉണ്ടായതെന്ന് മറുപടി നൽകി (ഓഡിറ്റ് എൻകെയറി നം.15/24). അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-3 വരവിനെക്കാൾ ചെലവ് ചെയ്തിരിക്കുന്നു.

ഇൻകം & എക്സ്പന്റിച്ചർ പത്രികയിൽ ചെലവ് (32,06,05,035/-) രൂപയും വരവ് (31,08,20,115/-) രൂപയും ബുക്ക് ചെയ്തിരിക്കുന്നു. ആസ്തികളുടെ ഡിപ്രീസിയേഷൻ കാരണമാണ് ഇത് സംഭവിക്കുന്നതെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻകെയറിക്ക് (നം. 15/24) മറുപടി നൽകിയത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-4 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 20234ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ജനപ്രതിന്ധികളുടെ ഓണറേറിയത്തിന് റിക്കവറികൾ ഈടാക്കേണ്ടതില്ലാത്തതിനാൽ സാമ്പത്തിക വർഷാന്ത്യത്തിൽ ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്താറില്ലെന്നും ഇന്ധനച്ചെലവ് സംബന്ധിച്ച കണക്കുകൾ ക്ലിപ്തത വരുത്താത്തതിനാലാണ് ലയബിലിറ്റി ഹെഡിൽ കാണിക്കാൻ സാധിക്കാത്തതെന്നും ഓഡിറ്റ് എൻകയറി നം.15/24 തീ. 28.09.24 ന് മറുപടി നൽകി. അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-5 തൻ വർഷത്തെ തനത് ഫണ്ട് വരവ്-ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

തൻ വർഷത്തെ തനത് ഫണ്ട് വരവ്-ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂളിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ബി-1 ഡീറ്റെയിൽഡ് ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.15/28.09.24) ഇക്കാര്യങ്ങൾ ഐ.കെ.എം-ന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-6 നീക്കിയിരിപ്പ് തുക B-17 ഷെഡ്യൂളുമായി പൊരുത്തപ്പെടുത്തിയില്ല.

B2 ഷെഡ്യൂൾ പ്രകാരം Panchayat Distress Relief Fund ഇനത്തിൽ 43793/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B17, RP 40(B) എന്നിവയിലെ തുക 27808/-രൂപയാണ്. ( അക്കൗണ്ട് നമ്പർ-SBI 67387490348) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.15/28.09.24) ബീം ആപ്പ് മുഖേന ഓൺലൈനായി കാനറ ബാങ്കിന്റെ 120024196265 എന്ന അക്കൗണ്ടിലേയ്ക്ക് പൊതുജനങ്ങൾ പണം ഒടുക്കുന്നതുകൊണ്ടാണെന്ന് മറുപടി നൽകി.

## 1-1-7 CFC Grant (Tied &Untied) ന്റെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

CFC Grant (Tied &Untied) ന്റെ നീക്കിയിരിപ്പ് RP-40(B) യിലും B-17 ലും 10,485,942/- രൂപയാണ്. എന്നാൽ ഈ ഹെഡിലെ B- 4 ലെ നീക്കിയിരിപ്പ് 10673239/- രൂപയുമാണ്. (വ്യത്യാസം- 187297/-)ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.15/28.09.24) മാർച്ച് മാസത്തിൽ നൽകിയ പേയ്മെന്റുകളിൽ പലതിലും ഭാഗീകമായാണ് കരാറുകാരന്റെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുള്ളതെന്നും എന്നാൽ അക്കൗണ്ട്സ് സംബന്ധിച്ച് മുഴുവൻ തുകയും ബിൽ പ്രകാരം പേയ്മെന്റായിട്ടുള്ളത്കൊണ്ടാണ് വ്യത്യാസം വരുന്നത് എന്നാണ്. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-8 കാലാവധി കഴിഞ്ഞ ചെക്കുകൾliability In Respect Of Stale Cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ അക്കൗണ്ട് നമ്പർ -314801000004444 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 152306 | 17.03.22 | 4620/- |
| 2 | 152290 | 24.02.22 | 1650/- |
| 3 | 152171 | 18.11.21 | 775/- |
| 4 | 028763 | 14.09.21 | 630/- |
| 5 | 152587 | 17.12.22 | 750/- |
| 6 | 151699 | 23.04.21 | 237/- |
| 7 | 152163 | 08.11.21 | 250/- |
| 8 | 152263 | 07.02.22 | 3050/- |
| 9 | 152587 | 17.12.22 | 1700/- |
| 10 | 456329 | 09.10.23 | 3000/- |
| | ആകെ | | 16,662/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 15/28.09.24) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് തീരുമാനമാക്കി ആവശ്യമായ ക്രമീകരണം വരുത്തുന്നതാണെന്ന് മറുപടി നൽകി.

## 1-1-9 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ ക്രെഡിറ്റ് ആക്കിയിട്ടില്ല.

SBI -37180976480, SBI -57059415574, IOB -314801000004444 എന്നീ ബാങ്കുളുടെ 31.03.2024 ലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ നാളിതുവരെ ക്രെഡിറ്റ് ആക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് 314801000004444 | 1 | 20-01-2021 | 1,705.00 |
| 2 | | RBI2402342850609 | 26-08-2023 | 77,500.0 |
| 3 | | 0249268 | 19-03-2021 | 13,250.00 |
| 4 | | 151608 | 13-12-2021 | 1,000.00 |
| 5 | | 1 | 15-03-2022 | 1320.00 |
| 6 | | 3117167 | 16-09-2020 | 17850.00 |
| 7 | | 1 | 15-11-2019 | 80.00 |
| 8 | | 522227 | 13-07-2017 | 2755.00 |
| 9 | | SB/XY 2 | 07-09-2018 | 1250.00 |
| 10 | | 2314822 | 16-08-2018 | 5750.00 |
| 11 | | 307461 | 20-06-2018 | 12250.00 |
| 12 | | 2314823 | 30-04-2022 | 5500.00 |
| 13 | | 3117169 | 25-02-2021 | 1250 |
| 14 | | 3117169 | 25-02-2021 | 16600.00 |
| 15 | | 1 | 31-10-2020 | 1250.00 |
| 16 | | 151250 | 04-03-2020 | 1500.00 |
| 17 | | 522227 | 01-07-2017 | 404.00 |
| 18 | | 3117167 | 16-09-2020 | 1250.00 |
| 19 | | 7E33C1469CF75040 | 23-05-2022 | 2.00 |
| 20 | | 32564923201 | 24-07-2023 | 478.00 |
| 21 | | 32300094 | 07-08-2023 | 3.00 |
| 22 | SBI – 37180976480 | B5B9BF33D224D526 | 05-07-2023 | 1000.00 |
| 23 | | 320527801409 | 24-07-2023 | 200.00 |
| 24 | SBI – 57059415574 | 653850 | 27-03-2017 | 1250.00 |
| 25 | | 083472 | 30-04-2022 | 2500.00 |
| 26 | | 927119 | 02-08-2017 | 1000.00 |
| 27 | | 1 | 13-02-2017 | 500.00 |

| | | | | |
|---|---|---|---|---|
| 28 | | 1 | 13-02-2017 | 240.00 |
| | | **ആകെ** | | **169637** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.15/28.09.24) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് തീരുമാനമാക്കി ആവശ്യമായ ക്രമീകരണം ചെയ്യുന്നതാണെന്ന് മറുപടി നൽകി. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-10 വാടകയിനത്തിലെ തൻവർഷ കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഷോപ്പിംഗ് കോംപ്ലസുകളിലെ വാടകയിനത്തിലെ തൻവർഷ കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കുപ്രകാരമുള്ള തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | നീക്കിയിരിപ്പ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 867316 | 515369 | 351947 |
| ധനകാര്യപത്രിക പ്രകാരം | 867316 | 494944 | 372372 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 15/28.09.24)ന് രജിസ്റ്ററുകൾ കാലികമാക്കി പൊരുത്തപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-11 Outdoor Collection Control Account ലെ വരവ് നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു.

RP-45 ലെ Outdoor Collection Control Account (431910201) വരവ് നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു. ( -1450.00)ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.15/28.09.24) അപാകത ഐ.കെ.എം-ന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-12 ബാലൻസ് ഷീറ്റിൽ ബാങ്ക് അക്കൗണ്ട് ക്രെഡിറ്റ് ബാലൻസായി നിലനിർത്തിയിരിക്കുന്നു.

Fund In Bank Account Of Swaccha Bharat Abhiyaan എന്ന ബാങ്ക് അക്കൗണ്ടിന്റെ (IDBI – 0046104000255738)31.03.24 ലെ നീക്കിയിരിപ്പ്(- 666760/-) നെഗറ്റീവാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.15/28.09.24)മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 23.03.2023 | 03.02.2024 |
| ഭരണസമിതി തീരുമാനം | 1(1) | 1(1) |
| മുന്നിരിപ്പ് | 4726578 | 29701202 |
| പ്രതീക്ഷിത വരവ് | 542461702 | 451602818 |
| ആകെ | 547588280 | 481304020 |
| പ്രതീക്ഷിത ചെലവ് | 537657000 | 452404489 |
| നീക്കിയിരിപ്പ് | 9931280 | 28899531 |

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(Ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

ബജറ്റ് കുറിപ്പുകൾ, പെർഫോമൻസ് ബജറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം

തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ, പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. മേൽ നടപടി ക്രമങ്ങൾ പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഡി) പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്. റിവൈസ്ഡ് ബജറ്റ് തയാറാക്കിയിട്ടുണ്ടെങ്കിലും ബജറ്റിലെയും ധനകാര്യപത്രികയിലെയും, വരവ്-ചെലവിനങ്ങൾ തമ്മിൽ പൊരുത്തപ്പെടുത്തിയപ്പോൾ ബജറ്റിൽ വകയിരുത്താതെ വിവിധയിനങ്ങളിൽ തുക ചെലവഴിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ബജറ്റിൽ വകയിരുത്താതെ വിവിധയിനങ്ങളിൽ തുക ചെലവഴിച്ചത്

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക (പുതുക്കിയ ബജറ്റ് പ്രകാരം) | ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2208001 | കലോൽസവ ചെലവുകൾ | 0 | 71375 |
| 2301101 | വാട്ടർ ചാർജസ് | 0 | 4920948 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28278951 |
| വരവ് | 111338378 |
| ആകെ | 139617329 |
| ചെലവ് | 102893404 |
| നീക്കിയിരിപ്പ് | 35415405 |

റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സംസ്ഥാന സർക്കാർ ഗ്രാന്റുകൾ, ക്ഷേമപെൻഷനുകൾ, MGNREGS ചെലവുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

## 1-4-1 ഗ്രാന്റ് വിനിയോഗം - മറ്റ് അപാകതകൾ

1) ഗ്രാമ പഞ്ചായത്തിലെ 2023-24 വർഷത്തെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 15725028 | 5682388 | 36 |
| | പട്ടിക ജാതി<br>പട്ടിക വർഗ്ഗം | 225000<br>120000 | --------<br>120000 | 0<br>100 |
| സേവനം | പൊതുവിഭാഗം | 117909078 | 64966665 | 55 |
| | പട്ടിക ജാതി<br>പട്ടിക വർഗ്ഗം | 26208568<br>581000 | 10516332<br>333566 | 40<br>57 |
| പശ്ചാത്തലം | പൊതുവിഭാഗം | 39758902 | 15822980 | 40 |
| | പട്ടിക ജാതി | 345000 | 39359 | 11 |

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമ ഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. എന്നാൽ വിവിധ വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ്(മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|
| വനിത ഘടക പദ്ധതി | 4393984 | 1037390 | 24 |
| കുട്ടികൾ | 2950660 | 972811 | 33 |
| വൃദ്ധർ | 1601915 | 644421 | 40 |
| ഭിന്നശേഷിയുള്ളവർ | 75000 | 75000 | 100 |

3) 2023-24 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം Benificiary Contribution (320800101) ഇനത്തിൽ 564520/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് ചെലവഴിച്ചിട്ടില്ല. ഈ തുക ഏത് പദ്ധതിയുമായി ബന്ധപ്പട്ടതാണെന്നും ചെലവഴിക്കാത്തതിന്റെ കാരണവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെട്രിക് ഉപകരണങ്ങൾ, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി 100000/- രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും (പ്രോജക്ട് നം. 229/24) പദ്ധതി നടപ്പിലാക്കിയിട്ടില്ല.

5) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 30.09.2021 ലെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ 26.05.2022 ലെ 41/2022/ഫിൻ നമ്പർ സർക്കുലർ പ്രകാരം 2022-23 വർഷം മുതൽ അലോട്ട്മെന്റ് രീതി പുനസ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടുകൾക്ക് മുനിസിപ്പൽ കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2023-24 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 1194341 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 547154 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 554661 |
| 320700304 | Contributions For Other Specific Purposes (For Capital Expenditure) - From Block Panchayats | 1201967 |

6) ഗ്രാമപഞ്ചായത്തിന് മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന വിവിധ ഗ്രാന്റുകൾ 2023-24 വർഷത്തിൽ ചെലവഴിച്ചിട്ടില്ല. 2023-24 വർഷത്തെ നീക്കിയിരിപ്പ് തുകകൾ ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 320200399 | Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsored Scheme Funds – Other Purposes | 2456150 |
| 320300199 | Grants, Funds & Contributions For Specific Purposes – Other Government Agencies | 2058606 |
| 320100196 | Intergrated Child Development Service | 2900561 |

7) ബാലൻസ് ഷീറ്റ് പ്രകാരം ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ മുൻവർഷങ്ങളിൽ ഉൾപ്പെടെ അനുവദിച്ച തുകകളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 460500201 | Advance To Implementing Agencies - Deposit With Kerala Water Authority | 3036769 |
| 460500202 | Advance To Implementing Agencies - Deposit With Kerala Electricity Board | 3174851 |
| 460500205 | Advance To Implementing Agencies - Deposit With Public Works Department | 255000 |

ഡിപ്പോസിറ്റ് പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും തുക ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും ഉൾപ്പെടെ മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (14/30.09.2024) മറുപടി ലഭ്യമായില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

ഓഡിറ്റിന് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വിവരങ്ങളാണ് ഗ്രാന്റ് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 28931200 | 28931200 | 26173846 | 2757354 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7557087 | 7557087 | 5596332 | 1960755 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 318434 | 318434 | 253566 | 64868 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 4455000 | 4455000 | 7507253 | -3052253 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5939000 | 5939000 | 7018281 | -1079281 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 8991400 | 8991400 | 8955320 | 36080 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9506000 | 9506000 | 2553105 | 6952895 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | ---- | ----- | 3133508 | -3133508 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | ---- | ------ | 15210000 | -15210000 |

1. വികസന ഫണ്ട് ജനറൽ, എസ്.സി.പി വിഹിതങ്ങളിലെ സോഴ്സ് ഡിഡക്ഷൻ തുക ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ വരവായി ചേർത്തിട്ടില്ല. എന്നാൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

3. കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ഉൾപ്പെട്ടിട്ടില്ല. നീക്കിയിരിപ്പ് നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു.

4. ഹെൽത്ത് ഗ്രാന്റ് വരവ്, ചെലവ് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് (ഗുണഭോക്തൃ വിഹിതം ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 9 | 4 | 3194703 | 464540 | 14.54 |
| വെറ്റിനറി സർജൻ | 11 | 8 | 3 | 5597741 | 1821549 | 32.54 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 17 | 15 | 2 | 7565733 | 7181717 | 94.92 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 0 | 350000 | 340843 | 97.38 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 2 | 0 | 1825000 | 1816740 | 99.55 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 39 | 30 | 9 | 87007589 | 35492030 | 40.79 |
| അസിസ്റ്റന്റ് സെക്രട്ടറി | 37 | 20 | 17 | 7908202 | 3053941 | 38.62 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16 | 13 | 3 | 8900064 | 8047163 | 90.42 |
| സെക്രട്ടറി | 57 | 40 | 17 | 20509760 | 18744985 | 91.40 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 107 | 45 | 62 | 50674655 | 16171501 | 31.91 |
| ഹെഡ് മാസ്റ്റർ | 15 | 6 | 9 | 3369145 | 1026784 | 30.47 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 0 | 3929984 | 3274497 | 83.32 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 0 | 40000 | 40000 | 100 |

1) പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, 3.1.1 പ്രകാരം ആസൂത്രണസമിതി14.12.2023 ലെ (1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

2) പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുണ്ടെങ്കിലും വെബ്സൈറ്റ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആയതിന് സാധിച്ചിട്ടില്ല.

3) ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ട്.

4) ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നില്ല.

5) മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവസ്രോതസുകളുടെ വകയിരുത്തലുകൾ 2024-25 വാർഷിക പദ്ധതി രേഖയിൽ അദ്ധ്യായം 5 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

6) മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ പ്രകാരമുള്ള വായ്പാ ആവശ്യങ്ങൾക്കായി ആ പ്രദേശത്ത് പ്രവർത്തിക്കുന്ന ബാങ്ക് പ്രതിനിധികളുമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചർച്ച ചെയ്തിട്ടുണ്ട്.

7) മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിച്ച് വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥയായി കംപോസ്റ്റ് പിറ്റ് നിർമ്മാണം, സോക്ക്പിറ്റ് നിർമ്മാണം, റിട്രോഫിറ്റിംഗ് ഓഫ് ടു പിറ്റ് ലാറ്ററിൻസ് എന്നീ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്.
8) മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

9) മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല.
10) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നേരിട്ട് ഇടപ്പെട്ട് സമീപ ബാങ്കുകളുമായി ചർച്ച നടത്തിയിട്ടുള്ളതും ആയതിന് അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ പൂവച്ചൽ ഖാദർ പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് സാംസ്ക്കാരിക വകുപ്പിൽ നിന്നും 50000/-രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതും നിർമ്മാണ പ്രവർത്തിക്കുള്ള നടപടി ആരംഭിച്ചിട്ടുള്ളതുമാണ്.

## 1-6-1 സാമൂഹ്യ സുരക്ഷ പെൻഷനുകൾ - ഗ്രാമസഭകളുടെ അംഗീകാരം വാങ്ങുന്നില്ല

സ.ഉ.(പി)നം18/98/തൊഴിൽ തീയതി 16.04.1998 പ്രകാരം പുറപ്പെടുവിച്ച 1998 ലെ കേരളകർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങളിലെ ചട്ടം 7(സി) പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനത്തിൽ ലഭിച്ചതും അനുവദിച്ചതും നിരസിച്ചതും ആയ അപേക്ഷകളുടെ ഒരു രജിസ്റ്റർ ഫോറം 4 ൽ സൂക്ഷിക്കേണ്ടതും ലിസ്റ്റ് ഗ്രാമസഭയിൽ വായിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019 ലെ നം. PAN/2021/2019-DBT-1(DP) സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ പുതുതായി അനുവദിച്ചവരുടെയും നിരസിച്ചവരുടെയും വാർഡ് തല ലിസ്റ്റ് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ഇപ്രകാരം അംഗീകാരം വാങ്ങിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (17/25.09.24) ഗ്രാമസഭയുടെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സാമൂഹ്യസുരക്ഷാ പെൻഷനുകൾ അനുവദിക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 24,53,400 | 186 |
| വിധവാപെൻഷൻ | 1,94,96,800 | 1967 |
| വാർദ്ധക്യകാല പെൻഷൻ | 4,61,27,500 | 5038 |
| വികലാംഗ പെൻഷൻ | 72,71,500 | 673 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 7,15,800 | 66 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 1,50,000 | 5 |

## 1-7 ക്യാഷ്ബാലൻസ്

പൂവച്ചൽ ഗ്രാമപ്പഞ്ചായത്തിന്റെ 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് ഭൗതികപരിശോധന 27.09.2024 തീയതി 3.15 Pm ന് ഉത്തരവാദപ്പെട്ട ജീവനക്കാരന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടു. ക്യാഷ് ബാലൻസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| ഡേ ബുക്ക് പ്രകാരം നീക്കിയിരിപ്പ് (രൂപ) | ഭൗതികപരിശോധനയിൽ കണ്ട നീക്കിയിരിപ്പ് (രൂപ) |
|---|---|
| 50161 | 50161 |

## 1-8 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവു മുഖേന ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഓരോ ജീവനക്കാരനും കൈകാര്യം ചെയ്യുന്ന രജിസ്റ്ററുകൾ, രേഖകൾ, ഫയലുകൾ, എന്നിവ സുരക്ഷിതമായ സൂക്ഷിപ്പിനും, പരിശോധനക്കായി അവ ഹാജരാക്കുന്നതിനുള്ള ഉത്തരവാദിത്തം പ്രസ്തുത ജീവനക്കാർക്കാണ് വ്യക്തമായി രേഖപ്പടുത്തി ഉത്തരവായിട്ടുണ്ട്.
2) സ്റ്റാഫ് മീറ്റിംഗ് മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കി. ആയത് കാരണം സെക്രട്ടറി എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുകയും, ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്

3) ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. എല്ലാ ജീവനക്കാരുടെയും ഘടകസ്ഥാപനത്തിലെ ജീവനക്കാരുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

4) തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തേണ്ടതാണ്.വസ്തു നികുതി പരിഷ്ക്കരണത്തിന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല

5) ഗ്രാമസഭാ നിയമം അനുശാസിക്കുന്ന പ്രകാരം നിശ്ചിത ഇടവേളകളിൽ ഗ്രാമസഭ വിളിച്ചു ചേർക്കുന്നുന്നില്ല.

6) വിവരാവകാശ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

7) പരാതി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

8) തെരുവു വിളക്ക്, സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

9) സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഗ്രാമസഭകളുടെ അംഗീകാരം വാങ്ങുന്നില്ല

10) ഓഡിറ്റ് ഒബ്ജക്ഷൻ/ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

11) പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് തൃപ്തികരമായി പരിപാലിച്ചിട്ടില്ല.

## 1-9 മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പു് പദ്ധതി

### വാർഷിക ധനകാര്യപത്രിക പ്രകാരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3884 | 16,80,638 | 16,84,522 | 16,73,683 | 11,139 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11,00,07,000 | 11,00,07,000 | 11,00,07,000 | 0 |
| **ആകെ** | **3884** | **11,16,87,638** | **11,16,91,522** | **11,16,80,683** | **11,139** |

1. ധനകാര്യപത്രികയിലെ നീക്കിയിരിപ്പ് തുക വരവു ചെലവുമായി പൊരുത്തപ്പെടുന്നില്ല.

### ക്യാഷ് ബുക്ക് പ്രകാരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5534.55 | 16,80,638 | 16,86,172.55 | 16,060 | 16,70,112.55 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11,00,07,000 | 11,00,07,000 | 11,00,07,000 | 0 |
| **ആകെ** | **5534.55** | **11,16,87,638** | **11,16,93,172.55** | **11,00,23,060** | **16,70,112.55** |

2. ക്യാഷ് ബുക്കിലെ ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 25.05.2022 മുതൽ 29.05.2022 വരെ | 2/2022 മുതൽ 4/2022 വരെ | ഇല്ല |

| | | | | |
|---|---|---|---|---|
| | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.04.2021 | 2016 | 28.06.2021 |

## 1-11-1 വസ്തുനികുതി പരിഷ്കരണം - നടപടികൾ പൂർത്തിയായിട്ടില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തി ഡിമാന്റ് നോട്ടീസ് 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകിയതായിട്ടാണ് അറിയിച്ചിരിക്കുന്നത്. കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 -നകം പൂർത്തീകരിക്കേണ്ടതാണെന്നും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരെ നിയമിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. (ഓഡിറ്റ് എൻകയറി നം.2/23.09.24) പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും വിവര ശേഖരണം പൂർത്തീകരിക്കേണ്ടതും, ഡിമാന്റ് എൻട്രി വരുത്തി പരിഷ്ക്കരിച്ച് നികുതി വർദ്ധനവ് ഉറപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-11-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കാൻ അവശേഷിക്കുന്നു.

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| 1 | 5/811 | റിലയൻസ് ടവർ, റിലയൻസ്, പൂവച്ചൽ, പൂവച്ചൽ | 2023-2024 | 7542 |
| 2 | 7/564 | മാനേജർ .ജിടി.എൽ ടവർ, പന്നിയോട് | 2022-23 മുതൽ 2023-24 വരെ | 11161 |
| 3 | 13/805/A | മാനേജർ, ബി.എസ്.എൻ.എൽ, ബി.എസ്.എൻ.എൽ ടവർ, മൈലോട്ടുമൂഴി, വീരണകാവ് | 2023-2024 | 3791 |
| 4 | 23/739 | ബി.എസ്.എൻ.എൽ ടവർ, ബിഎസ്എൻ ഓഫീസർ, കാപ്പിക്കാട് പൂവച്ചൽ | 2023-2024 | 5717 |

മേൽ മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഒടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (21/30.09.24) നികുതി ഒടുക്കാത്തതിനാൽ റവന്യൂറിക്കവറി നടപടിക്ക് വിധേയമാക്കിയിട്ടുള്ളതാണെന്നാണ് അറിയിച്ചിരിക്കുന്നത്. കുടിശ്ശിക വസ്തു നികുതി പൂർണ്ണമായും ഈടാക്കി വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-3 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/30.09.24) ഇതുവരെ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ലായെന്നും തുടർ വർഷങ്ങളിൽ നടപ്പിലാക്കുന്നതാണെന്നുമാണ് അറിയിച്ചിരിക്കുന്നത്. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-11-4 വസ്തു നികുതി പരിഷ്ക്കരണത്തിന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഭരണസമിതിയുടെ 24.05.2023 തീയതിയിലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് ബാധകമായ വസ്തുനികുതി നിരക്കുകൾ പരിഷ്ക്കരിച്ച് അന്തിമ വിജ്ഞാപനം 01.04.23 പ്രാബല്യത്തിൽ പുറപ്പെടുവിച്ചിരുന്നു. നികുതി നിർണ്ണയിച്ച ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് (വാർഡ് 10 മാത്രം പരിശോധിച്ചതിലെ വിവരങ്ങൾ) പരിഷ്ക്കരിച്ച നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | | ഉപയോഗ ക്രമം | വിസ്തീർണ്ണം ($M^2$) | Signed Date | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|---|---|
| 1 | 10/163/A | അജയകുമാർ എ യു, എ യു ഭവൻ, അരുവിക്കുഴി, വീരണകാവ് | പാർപ്പിടാവശ്യം | 124.02 | 02/05/2023 | 5 | 6 |
| 2 | 10/350/A | ലത.ഡി, നസ്രത്ത് നിവാസ്, പറക്കോട്ടുകുഴി, പന്നിയോട്, | പാർപ്പിടാവശ്യം | 71.29 | 21/09/2023 | 5 | 6 |
| 3 | 10/486/A | ശ്യാമള.L, നസ്രേത്ത്, കിഴക്കേകര, കളളിപ്പാറക്കുഴി, വീരണകാവ് | പാർപ്പിടാവശ്യം | 63.65 | 11/03/2024 | 5 | 6 |
| 4 | 10/117/A | സജീവ്കുമാർ .എസ്, ശ്രീനന്ദനം, പന്നിയോട് | പാർപ്പിടാവശ്യം | 114.53 | 26/03/2024 | 5 | 6 |

ക്രമ നം. 2, 3, 4 കെട്ടിടങ്ങൾ പഞ്ചായത്തിൽ വസ്തു നികുതി പുനർ നിർണ്ണയിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷം നികുതി നിർണ്ണയിച്ചവയാണ്. അവയ്ക്കും പഴയ നികുതി നിരക്കിന്റെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/30.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11 വസ്തു നികുതി- അപാകങ്ങൾ

A) ഒന്നിലധികം വീടുകൾക്ക് നികുതി ഇളവ് നൽകി

സ.ഉ(എം.എസ്) നം. 358/15/തസ്വഭവ., തീയതി 16.12.2015 പ്രകാരം 60 ച.മീ. (660 ച.അടി) യിൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ, ഒരു വ്യക്തിയുടെ പേരിലുള്ള ഒരു വാസഗൃഹത്തിന് മാത്രമാണ് ഇളവ് അനുവദിക്കാൻ സാധിക്കുക. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാർഡ് 1, 18 എന്നിവ പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് മേൽ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്, മേൽവിലാസം | നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ |
|---|---|---|
| 1 | പള്ളിവീട്, കൊണ്ണിയൂർ,ഉറിയാക്കോട് പി ഒ,695543 | 1/538, 1/539 |
| 2 | സന്തോഷ് കുമാർസ്നേഹതീരം,കൊണ്ണിയൂർ,ഉറിയാക്കോട് പി ഒ,695543 | 1/550, 1/551 |
| 3 | പള്ളിവീട്, കൊണ്ണിയൂർ,പുനലാൽ പി ഒ,695575 | 1/335, 1/336 |
| 4 | സെയ്നുലാബ്ദീൻ,സെമിറ മൻസിൽ,കാട്ടാക്കട പി ഒ,695572 | 18/104, 18/105 |

| | | |
|---|---|---|
| 5 | നാദിർഷ(എസ്.എൻ.മൻസിൽ,കുന്നുംപുറത്ത് വീട്,കാട്ടാക്കട പി ഒ,695572 | 18/210, 18/211, 18/212 |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം22/30.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B) വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 2 മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് കാണുന്നു

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 2/114 | സിബിലി നുഹ്മാൻ,ജിബിന മൻസിൽ,ഉണ്ടപ്പാറ,പൂവച്ചൽ | പാർപ്പിടാവശ്യം | 67 M2 |
| 2 | 2/120 | സുധീർമുഹമ്മദ്,സുധീർ മൻസിൽ,ഉണ്ടപാറ,പൂവച്ചൽ | പാർപ്പിടാവശ്യം | 88 M2 |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം22/30.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

C) നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് /വിലാസം | നികുതി കുടിശ്ശിക വർഷം | തുക (Library Cess, Service Charge എന്നിവ ഒഴികെ) |
|---|---|---|---|---|
| 1 | 13/954(UA) | രവി.വി & ഫിലോമിന.ഡി, രമ്യഭവൻ, മുക്കോല, ചായ്ക്കുളം, വീരണകാവ്, | 2023-24 വരെ | 1268 |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 22/30.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-1 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

1) റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. റേഷൻ വ്യാപാരികളിൽ നിന്നും നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/27.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2) പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്. മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തുപരിധിയിലെ ഡോക്ടർമാർ, അഭിഭാഷകർ,എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 12/27.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടികൾ അടിയന്തിരമായി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കരാറുകാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 12/27.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12-2 തൊഴിൽ നികുതി - സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-12-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205(എ-കെ) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ ആകെ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടേയും, പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കിൽ നിന്നും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽനികുതി ചുമത്താവുന്നതാണ്. പൂവച്ചൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. | അർദ്ധ വർഷം |
|---|---|---|---|
| 1. | DDRC SRL ഡയഗണോസ്റ്റിക്സ് ലിമിറ്റഡ്, കാട്ടാക്കട | 29 | I, II |
| 2. | നെയ്യാറ്റിൻകര മാർക്കറ്റിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 30 | II |
| 3. | പൂവച്ചൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 31 | I |
| 4. | ശുശ്രുത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ സയൻസസ് | 34 | I, II |
| 5. | മുത്തൂറ്റ് ഫിൻകോർപ് ലിമിറ്റഡ്, പൂവച്ചൽ | 37 | I |
| 6. | മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ് | 49 | I, II |
| 7. | മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കല്ലാമം | 68 | I, II |
| 8. | പൂവച്ചൽ അർബൻ കോ-ഓപ്പറേറ്റീവ് സംഘം | 71 | I, II |

മേൽ അപാകങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ - 13/27.09.2024) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിപ്പിച്ച സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി നിർണ്ണയിച്ച് ഈടാക്കി.

(1) താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരൻ | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | രസീത് നം./ തീയതി | കുറവ് |
|---|---|---|---|---|---|---|---|---|
| 1. | വിഗ്യാൻ കോളേജ് ഓഫ് അപ്പ്ലൈഡ് സയൻസസ് | അംബിക വി (അസി. പ്രൊഫ.) | I | 100950/- | 1000/- | 750/- | 1230105929/ 15.02.2024 | 250/- |
| 2. | ഗവൺമെന്റ് എൽ. പി. എസ്., കുഴയ്ക്കാട് | പ്രസാദ് ചന്ദ്രൻ (പി.റ്റി.സി.എം) | I | 93814/- | 750/- | 600/- | 1230102774/ 23.08.2023 | 150/- |
| 3. | ഗവൺമെന്റ് എൽ. പി. എസ്., കെണ്ണിയൂർ | കൊച്ചുത്രേസിയാൾ (പി.റ്റി.സി.എം) | I | 128290/- | 1250/- | 1000/- | 1230103917/ 22.11.2023 | 250/- |
| ആകെ | | | | | | | | 650/- |

(2) താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒരു അർദ്ധവർഷം മാത്രം തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നു.

| ക്രമ നം. (തൊഴിൽനികുതി രജിസ്റ്റർ പ്രകാരം) | സ്ഥാപനം | ഒന്നാം അർദ്ധ വർഷം ഈടാക്കിയ തുക | രണ്ടാം അർദ്ധ വർഷം ഈടാക്കിയ തുക |
|---|---|---|---|
| 63 | മിൽക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കാപ്പിക്കാട് | 540/- | ഈടാക്കിയില്ല |
| 65 | തൊഴിലുറപ്പ് പദ്ധതി (AE Office) (MGNREGS) | 5600/- | ഈടാക്കിയില്ല |
| 69 | BUDS സ്കൂൾ, പൂവച്ചൽ | ഈടാക്കിയില്ല | 1350/- |

അപാകങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ – 13/27.09.2024) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 FTE & OS ലൈസൻസ്-അപാകങ്ങൾ

1) ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നില്ല.

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2330 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിച്ചിട്ടുള്ള 2488ലധികം കെട്ടിടങ്ങളും ഹരിതകർമ്മസേനയുടെ കണക്കുകൾ പ്രകാരം 1241 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 2023-24 വർഷം 475 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/28.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

2) ലൈവ്സ്റ്റോക്ക് ഫാമുകൾ-ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 പ്രകാരം നിശ്ചിത എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെ പരിപാലിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. തൻവർഷം അനുവദിച്ച

ലൈസൻസ് പരിശോധിച്ചതിൽ 12 കോഴിഫാമുകൾക്കും 1 പശുക്കളുടെ ഫാമിനുമാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഭരണസമിതി മിനിട്സ് പരിശോധിച്ചതിൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കരിയംകോട്, പൊന്നെടുത്തകുഴി എന്നീ വാർഡുകളിലായി ഏകദേശം 20 പന്നിഫാമുകൾ അനധികൃതമായി പ്രവർത്തിക്കുന്നുവെന്നും അനധികൃതമായി പ്രവർത്തിക്കുന്ന പന്നിഫാമുകൾ അടച്ച് പൂട്ടുന്നതിന് പലതവണ നോട്ടീസുകൾ നൽകിയെങ്കിലും ടിയാളുകൾ നിയമാനുസൃതമായ ലൈസൻസ് എടുക്കുന്നതിന് തയ്യാറാകാതെ തുടർന്നും പ്രവർത്തിച്ച് വരികയാണെന്നും ആയതിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി 18/04/2023 ലെ 1(3) തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/28.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തീരുമാനത്തിൻ മേൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും നിശ്ചിത എണ്ണത്തിൽ കൂടുതൽ മൃഗങ്ങൾ/പക്ഷികൾ ഉള്ള ഒരു ഫാമും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3) വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. വളർത്തുനായകളുടെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 43 വളർത്തുനായ്ക്കൾക്കാണ് തൻവർഷം ലൈസൻസ് അനുവദിച്ചിരിക്കുന്നത്. പഞ്ചായത്ത് പരിധിയിലെ വളർത്തുനായകളുടെ വിശദാംശങ്ങളും വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിനായി സ്വീകരിച്ച നടപടികളും അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/28.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4) മെഷീൻ ഫീ ഈടാക്കുന്നില്ല.

2023-24 വർഷത്തിൽ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഇടാക്കിയതായി കാണുന്നില്ല.

| അപേക്ഷകന്റെ പേര് | സംരംഭം | വാർഡ്/ കെട്ടിട നം. |
|---|---|---|
| ബീമാബീവി, ഷാഫി മൻസിൽ, ഉണ്ടപ്പാറ | A.S ഫ്ലോർമിൽ | II/102 |
| ജീന ജോർജ്ജ്, അനിൽഭവൻ | വെൽഡിംഗ് വർക്ക് ഷോപ്പ് | XX/4 |

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/28.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 കടമുറിയുടെ വാടക ഈടാക്കിയില്ല

കാട്ടാക്കട മാർക്കറ്റിലും പട്ടകുളം ഷോപ്പിംഗ് കോംപ്ലക്സിലുമായി 49 കടമുറികൾ ഉള്ളതിൽ നിലവിൽ തുറന്ന് പ്രവർത്തിക്കുന്നവ ഏതെല്ലാം എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്ററിൽ വാടക കുടിശ്ശിക വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കടമുറികൾ വാടയ്ക്ക് എടുത്തിട്ടുള്ളവർ പഞ്ചായത്തുമായി വച്ചിട്ടുള്ള വാടക കരാറുകളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിൽ കരാർ കാലാവധി അവസാനിച്ച കടമുറികൾ ഏതെല്ലാമാണ് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികൾ വാടക കുടിശ്ശിക ഒടുക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | കടമുറി നം. | വാടകക്കാരന്റെ പേര് | മാസ വാടക | കടമുറി കൈമാറ്റം അംഗീകരിച്ച കമ്മിറ്റി തീരുമാനം |
|---|---|---|---|---|
| കാട്ടാക്കട മാർക്കറ്റ് | | | | |
| 1 | 11 | സുഹറാബീവി | 1275/- | 26.07.2022-ലെ കമ്മിറ്റിയുടെ 3(2) നം. തീരുമാനം പ്രകാരം |
| 2 | 21 | മണിച്ചി | 2500/- | 21.11.2022-ലെ കമ്മിറ്റിയുടെ 11(1) നം. തീരുമാനം പ്രകാരം |

| | | | | |
|---|---|---|---|---|
| 3 | 24 | രാധ | 2100/- | 21.11.2022-ലെ കമ്മിറ്റിയുടെ 11(1) നം. തീരുമാനം പ്രകാരം |
| 4 | 26 | സിന്ധു | 2500/- | 21.11.2022-ലെ കമ്മിറ്റിയുടെ 11(1) നം. തീരുമാനം പ്രകാരം |
| 5 | 29 | സുകുമാരി വി | 2500/- | 21.11.2022-ലെ കമ്മിറ്റിയുടെ 11(1) നം. തീരുമാനം പ്രകാരം |
| 6 | 34 | പൂകുഞ്ഞ് | 3688/- | 26.07.2022-ലെ കമ്മിറ്റിയുടെ 3(2) നം. തീരുമാനം പ്രകാരം |
| 7 | 35 | ലാലു ആർ | 4100/- | 21.11.2022-ലെ കമ്മിറ്റിയുടെ 11(1) നം. തീരുമാനം പ്രകാരം |
| 8 | 36 | സുരേഷ് | 4100/- | 21.11.2022-ലെ കമ്മിറ്റിയുടെ 11(1) നം. തീരുമാനം പ്രകാരം |
| 9 | 39 | മുഹമ്മദ് ബാസി | 2100/- | 21.11.2022-ലെ കമ്മിറ്റിയുടെ 11(1) നം. തീരുമാനം പ്രകാരം |
| പട്ടകുളം ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 10 | 8 | ജിജു ജി | 2000/- | 21.11.2022-ലെ കമ്മിറ്റിയുടെ 11(1) നം. തീരുമാനം പ്രകാരം |

2023-24ലെ വാടക കുടിശ്ശികയുടെയും മേൽചേർത്ത വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെയും വിശദ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/30.09.2024) മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 മുൻകൂർ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു

വാർഷിക കണക്കുകളിലെ ബി 18 ഷെഡ്യൂളിൽ ചുവടെ ചേർക്കും പ്രകാരം മുൻകൂർ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | 31.03.2024 ൽ ക്രമീകരിക്കാനവശേഷിക്കുന്ന തുക |
|---|---|---|
| 460100101 | Festival Advance | 45000 |
| 460500202 | Deposit With Kerala Electricity Board | 3174851 |
| 460500201 | Deposit With Kerala Water Authority | 3036769 |
| 460500205 | Deposit With Public Works Department | 255000 |
| 460100199 | Other Advances | 69600 |

ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂർ തുകകൾ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധയിനങ്ങളിൽ 2018 മുതലുള്ള ഡെപ്പോസിറ്റ് തുകകൾ നാളിതുവരെ തിരികെ കൊടുക്കുകയോ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (നം. 15/28.09.2024)കാലഹരണപ്പെട്ട തുകകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് തീരുമാനമാക്കി ആവശ്യമായ ക്രമീകരണം വരുത്തുന്നതാണെന്ന് മറുപടി നൽകി.

## 1-17 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയിലൂടെ

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന മുഖാന്തിരം നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെയും (ഓഡിറ്റ് എൻകെയറി നമ്പർ 3/23.09.24 ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ മറുപടി)അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### മാലിന്യ ശേഖരണം - അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | **പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം** | 23 |
| 2 | **ആകെ ജനസംഖ്യ** | 47564 |
| 3 | **വാസഗൃഹങ്ങളുടെ എണ്ണം** | 12452 |
| 4 | **സ്ഥാപനങ്ങൾ** | 1241 |

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 23 വാർഡുകളിലായി 27 ഹരിതകർമ്മസേന അംഗങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ 100 % വാതിൽപ്പടി ശേഖരണം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ {20.05.2023 ലെ സ.ഉ. (സാധാ) നം. 1068/2023/LSGD ഉത്തരവ് പ്രകാരം} ശുചിത്വ മിഷൻ കലണ്ടർ പ്രകാരമുള്ള 100 % വാതിൽപ്പടി ശേഖരണം 2023-24 വർഷം ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്.

### മാലിന്യം ഉറവിടത്തിൽ തരം തിരിക്കൽ

ഉല്പാദകരുടെ ഉത്തരവാദിത്വത്തിൽ ഉറവിടത്തിൽ തന്നെ ജൈവ/അജൈവ മാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ വിവിധ നടപടികൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കി വരുന്നുണ്ട്. മാലിന്യങ്ങൾ സംസ്കരണത്തിനായി 642എണ്ണം ബയോ കംപോസ്റ്റ് ബിന്നുകൾ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ പൊതു സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ഇവ തരംതിരിക്കുന്നതിനായി സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023 പ്രകാരം ബിന്നുകളോ മറ്റോ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉറവിടത്തിൽ തന്നെ, തരം തിരിച്ച ജൈവ/അജൈവ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്

ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലുമായി 46 മിനി എം.സി.എഫുകളും 3 എം.സിഎഫുകളും 1 ആർ. ആർ.എഫും പ്രവർത്തനസജ്ജമാണ്. എം.സി.എഫിൽ ബെയലിംഗ് മെഷീൻ, സോർട്ടിംഗ് ടേബിൾ, കൺവെയർ ബെൽറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സോർട്ടിംഗ് ഏരിയ, സ്റ്റോറെജ് ഏരിയ, ടിപ്പിംഗ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷീണറി ഏരിയ എന്നിവ വേർതിരിച്ചിട്ടുണ്ട്.

### മാലിന്യ ശേഖരണം, മാലിന്യങ്ങൾ നീക്കം ചെയ്യൽ

ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ക്ലീൻ കേരള കമ്പനി, എന്ന സ്ഥാപനവുമായാണ് ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടുള്ളത്. 2023-24 വർഷത്തെ മാലിന്യ നീക്കത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 38.390 ടൺ |
| കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/പാഴ്വസ്തുക്കളുടെ അളവ് | 19.931 ടൺ |
| തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ് | 37.870ടൺ |
| മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | ഇല്ല |
| ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക | നൽകിയിട്ടില്ല |

കരാർ ഏറ്റെടുത്ത ക്ലീൻ കേരള കമ്പനി ഷെഡ്യൂൾ പ്രകാരമുള്ള കാലയളവിൽ മാലിന്യം നീക്കം ചെയ്യുന്നുണ്ട്. എന്നാൽ ഏറ്റെടുത്ത പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പാഴ്വസ്തുക്കൾക്ക് ക്ലീൻ കേരളാ കമ്പനി പ്രതിഫലം നൽകുന്നില്ല. വിശദവിവരം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-24 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിനായി പട്ടകുളം, കാട്ടാക്കട മാർക്കറ്റ് എന്നിവിടങ്ങളിൽ തുമ്പൂർമൂഴി സ്ഥാപിച്ചിട്ടുണ്ട്. 10.07.2023 സ.ഉ. (സാധാ) നം.

1401/2023/LSGD പ്രകാരം 2023-24 വർഷത്തിൽ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് 28 പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി 7507253 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ**

വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആപത്കരമായ മാലിന്യം ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന പ്രത്യേക ബിന്നുകൾ സ്ഥാപിക്കുന്നതിന് {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023, G.O. (Rt) No. 922/2023/LSGD, തീ. 26.04.2023, സ.ഉ. (സാധാ) നം. 1068/2023/LSGD തീ. 20.05.2023.} നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം സംവിധാനം ഒരുക്കിയിട്ടില്ല ( 16.05.2022 ലെ സ.ഉ. (സാധാ) നം. 1227/2022/LSGD). ആപത്കരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടതാണ്.

**പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ**

പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു(26.04.2023 ലെ G.O. (Rt) No. 922/2023/LSGD). ആയതിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിന്റെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ ഒരുമിച്ച് ചേർന്ന് വാർഡുതല ശുചിത്വസേന രൂപീകരിക്കുകയും പൊതു ഇടങ്ങളും ജല സ്ത്രോതസ്സുകളും മാലിന്യമുക്തമാക്കിയിട്ടുണ്ട്. കൂടാതെ മാലിന്യം നീക്കം ചെയ്ത പൊതുഇടങ്ങളിൽ ചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ബഹു ഹൈക്കോടതി പുറപ്പെടുവിച്ച{WP(C)No.7844/2023(S)} നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി കർമ്മപദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഹരിതമിത്രം ആപ്പ്, ഹരിത കർമ്മസേനയുടെ യൂസർ ഫീ, മറ്റ് വരവുകൾ**

ഹരിത കർമ്മസേനയുടെ പ്രതിമാസ യൂസർ ഫീ കളക്ഷൻ ഹരിതമിത്രം ആപ്പ് മുഖേന നടപ്പാക്കുന്നുണ്ട്. സ.ഉ.(സാധാ) നം.2481/2023/LSGD തീ.13.12.2023 പ്രകാരമുള്ള വിവിധ വിഭാഗത്തിൽപ്പെട്ടവർക്ക് ഗ്രാമസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യൂസർ ഫീ ഇളവ് നൽകാത്തതിനാൽ പ്രസ്തുത ഫീസിന് ആനുപാതികമായ തുക ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേനയ്ക്ക് നൽകി വരുന്നില്ല. പൊതു പരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിലെ അധിക മാലിന്യ ശേഖരണത്തിനും, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും യൂസർ ഫീ ഈടാക്കി സേവനം നൽകുന്നതിനും 2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല(07.10.2023 ലെ സ.ഉ. (സാധാ) നം. 1971/2023/LSGD). ഹരിതകർമസേനയുടെ 2023-24 വർഷത്തെ പ്രധാന വരവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക | 7704500/- രൂപ |
| ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക | 8450/- രൂപ |
| മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | ഇല്ല |

മാലിന്യമുക്ത കേരളം ക്യാമ്പയിൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ (07.10.2023 ലെ സ.ഉ. (സാധാ) നം. 1971/2023/LSGD )ഭാഗമായി ശരാശരി 10,000 രൂപ മാസവരുമാനം ഹരിതകർമ്മസേന അംഗങ്ങൾക്ക് നൽകി വരുന്നുണ്ട്. . ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ.ഉ. (സാധാ) നം. 1496/2020/LSGD തീ. 12.08.2020 ഖണ്ഡിക 13, 14 എന്നിവ പ്രകാരമുള്ള സാധ്യതകൾ കൂടി പ്രയോജനപ്പെടുത്താവുന്നതാണ്.

**മാലിന്യ ചട്ടങ്ങളുടെ ലംഘനം**

2016 ലെ ഖരമാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, അസി.സെക്രട്ടറി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, സെക്ഷൻ ക്ലാർക്ക്, വിഇഒ മാർ, ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺ എന്നിവരടങ്ങിയ പ്രത്യേക വിജിലൻസ് സ്ക്വാഡ് രൂപീകരിക്കണമെന്ന 04.08.2023 ലെ തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1/5826040/23 -ാം നമ്പർ സർക്കുലർ പ്രകാരം വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ മാലിന്യച്ചട്ടങ്ങൾ ലംഘിച്ച വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും പിഴ ഇനത്തിൽ 8450/- രൂപ ഈടാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ബൾക്ക് വേസ്റ്റ് ജനറേറ്റർ സ്ഥാപനങ്ങളിൽ നിശ്ചിത ഇടവേളകളിൽ വിജിലൻസ് സ്ക്വാഡ് പരിശോധന കർശനമായും നടപ്പാക്കേണ്ടതും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ ചട്ടലംഘനങ്ങൾ തടയേണ്ടതുമാണ്.

**ബോധവത്കരണം, പ്രചാരണം**

മാലിന്യനിർമാജനത്തിനായി ബോധവത്കരണം നടത്തുന്നതിനും ഖരമാലിന്യ ചട്ടങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി മൈക്ക് അനൌൺസ്മെന്റ്, പഞ്ചായത്ത് തല ശില്പശാല,

കുട്ടികളുടെ ശുചിത്വ പാർലമെന്റ്, ഹരിതസഭ, വാർഡ് തലത്തിൽ ശുചിത്വ സേന, ശുചിത്വ സഭ എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ച് തെരുവുനാടകം, കലാജാഥ എന്നിവ നടത്തിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. യുവജന വിദ്യാർത്ഥി സംഘടനകൾ ,ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്, { സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023)}. കൂടാതെ സ.ഉ(സാധാ) നം. 1200/2023/LSGD തീ.09.06.2023 പ്രകാരമുള്ള പാരിതോഷികങ്ങൾ നൽകുന്നതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതും ആയതിന് പരാമവധി പ്രചാരണം നൽകേണ്ടതുമാണ്.

**മോണിറ്ററിംഗ്**

ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി 2023-24 വർഷം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 7507253/- രൂപ ചെലവഴിച്ചിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ച {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023} പ്രകാരം ക്യാമറകൾ സ്ഥാപിച്ച് മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഹരിത കർമ്മസേന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി ഹരിതമിത്രം ആപ്പ് വഴി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ ആഴ്ചയിലൊരിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അവലോകനം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ, വാർഡ് മെമ്പർമാർക്ക് നൽകേണ്ടതുമാണ് {സ.ഉ.(സാധാ) നം.2231/2023/LSGD തീ.12.11.2023 പ്രകാരം.} എന്നാൽ 2023-24 വർഷം ഇപ്രകാരം മേൽ ഉത്തരവ് പ്രകാരമുള്ള മോണിറ്ററിംഗ് നടപടികൾ പൂർണമായും ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി ഗ്രാമപഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-18 ഭവന പുനരുദ്ധാരണ പദ്ധതികൾ– സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം നടപ്പിലാക്കിയ ഭവന പുനരുദ്ധാരണ പദ്ധതികളിൽ ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റി നാളിതുവരെയായിട്ടും ഭവന പുനരുദ്ധാരണ പൂർത്തിയാക്കിയിട്ടില്ല.

(1) 246/2024 - വീട് മെയിന്റനൻസ് (എസ്. സി. പി)

| ക്രമ നം. | ഉപഭോക്താവ് | ആദ്യ ഗഡു / തീയതി |
|---|---|---|
| 1 | സൗമ്യ വി എസ്, സൗമ്യ ഭവൻ, ഹവില നഗർ, പൂവച്ചൽ | 75000 / 12.05.2023 |
